**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5531** **13-08-2021 - ൽ മറുപടിയ്ക്ക്**

**സ്വദേശി പ്രസാദ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ. പ്രേംകുമാർ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ശബരിമല, ഗുരുവായൂർ, ശ്രീപത്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടത്തുന്ന സ്വദേശി പ്രസാദ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | ശബരിമല കേന്ദ്ര ഗവൺമെൻറിൻെറ പ്രസാദ് പദ്ധതി പ്രകാരം ശബരിമലയുടെ വികസനത്തിന് ശബരിമല, പമ്പ, ട്രക്കിംഗ് പാത്ത്, സന്നിധാനം എന്നിവിടങ്ങളിൽ 9998.92 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് 19.61 കോടി രൂപ ശബരിമല മാസ്റ്റർപ്ലാൻ ഹൈപവർ കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 5.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 4 കോടി രൂപയുടെ പദ്ധതികൾ അവസാന ഘട്ടത്തിലാണ്. ശ്രീ പത്മനാഭ സ്വാമി, ശബരിമല, ആറൻമുള സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി നിലയ്ക്കൽ വെയിറ്റിംഗ് ഹാൾ, ക്ലോക്ക് റൂം, പാർക്കിംഗ് ഗ്രൗണ്ട് തുടങ്ങിയവയുടെ നിർമ്മാണത്തിനായി 216 ലക്ഷം രൂപ അനുവദിച്ചട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കുള്ള ആദ്യ ഗഡുവായി 1. 23കോടി രൂപ കൈമാറിയിട്ടുണ്ട്. ഗുരുവായൂർ ഗുരുവായൂർ ദേവസ്വത്തിൻെറ മൾട്ടിലെവൽ കാർ പാർക്കിംഗ് പദ്ധതിക്ക് വേണ്ടി 27.05 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം ശ്രീ പത്മനാഭ സ്വാമി- ആറൻമുള -ശബരിമല സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി 9244.26 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ ഈസ്റ്റ്, വെസ്റ്റ് , നോർത്ത് , സൗത്ത് നട എന്നിവിടങ്ങളിൽ ക്ഷേത്രവും സർക്കാരിന്റെ മറ്റ് 17 ഏജൻസികളും മുഖാന്തരം കുടിവെള്ളം ,ഇൻഫർമേഷൻ കൗണ്ടറുകൾ, ഫുട്പാത്ത് നിർമ്മാണം ,ബയോടോയലെറ്റുകൾ തുടങ്ങിയ എല്ലാ വിധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ജീർണാവസ്ഥയിലുള്ള പുരാതന ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതിയുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ദേവസ്വം ബോർഡുകളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനും സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡുകളുടെ ഒരു സംയുക്ത യോഗം ചേർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സുകളടക്കം നിർമ്മിച്ച് കൊണ്ട് വഴിപാടിതര വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്ത് വരുന്നുണ്ട്. |
| (ഡി) | അബ്രാഹ്മണ ശാന്തിക്കാർ നേരിടുന്ന ജാത്യാധിക്ഷേപം അവസാനിപ്പിക്കാൻ ശക്തമായ ഇടപെടലുണ്ടാകുമോ; വിശദമാക്കാമോ? | (ഡി) | ജാത്യാധിക്ഷേപം ശ്രദ്ധയിൽ പെട്ടാൽ കർശന നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ